151. പുതിയ നൂറ്റാണ്ടിനെ വരവേൽക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആകർഷകമായ സാംസ്കാരിക മേളകൾ നടത്തുവാൻ മാനവീയം കൾച്ചറൽ മിഷന് കഴിഞ്ഞിട്ടുണ്ട്.

152. കേന്ദ്രസർക്കാരിന്റെ സഹായത്തോടെ പണിതീർത്ത വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയ അടുത്തവർഷം രാഷ്ട്രത്തിന് സമർപ്പിക്കുന്നതാണ്.

153. സാംസ്കാരിക സ്ഥാപനങ്ങളായ സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന എൻസൈക്ലോപീഡിയ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി എന്നിവയിലെ ജീവനക്കാർക്ക് ഒരു പെൻഷൻ പദ്ധതി നടപ്പാക്കുന്നതാണെന്ന് നേരത്തെ പ്രഖ്യാപിച്ചിരുന്നു. സർക്കാർ വിഹിതമായി 4 കോടി രൂപ ഇതിനായി ഞാൻ ഉൾക്കൊള്ളിക്കുന്നു.

154. തോന്നയ്ക്കൽ മഹാകവി കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപ സ്പെഷ്യൽ ഗ്രാന്റായി അടുത്തവർഷം നൽകുവാൻ ഞാൻ മാറ്റിവയ്ക്കുന്നു.

155. തുഞ്ചൻ സ്മാരക കമ്മറ്റിക്ക് അതിന്റെ പ്രവർത്തനങ്ങൾ ഒരു ട്രസ്റ്റായി ഉയർത്തുന്നതിന് സഹായമായി 20 ലക്ഷം രൂപ നൽകുവാൻ ഉദ്ദേശിക്കുന്നു.

156. കേരള കലാമണ്ഡലത്തിന് പദ്ധതിവിഹിതം പത്ത് ലക്ഷം കൂട്ടി വരും വർഷം എഴുപതിൽനിന്നും എൺപത് ലക്ഷമായും പദ്ധതിയേതര വിഹിതം 45 ലക്ഷത്തിൽ നിന്നും 55 ലക്ഷം രൂപയായും വർദ്ധിപ്പിക്കുന്നതാണ്.

**തൊഴിലും പരിശീലനവും**

157. തൊഴിലില്ലാത്തവർക്ക് തൊഴിൽ അവസരങ്ങൾ നൽകുന്നതിനുണ്ടാക്കിയ സ്കീം ആണ് KESRU (കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്) ഒരു കോടി രൂപ ഈ സ്കീമിന് നൽകുന്നതാണ്.

158. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഘട്ടം ഘട്ടമായി കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനായി 30 ലക്ഷം രൂപ ഞാൻ മാറ്റിവയ്ക്കുന്നു.

**വഖഫ് ബോർഡ്**

159. വഖഫ് ബോർഡ് അതിന്റെ സാമൂഹ്യക്ഷേമ പദ്ധതിയിൻകീഴിൽ നിരാലംബർക്കും രോഗികൾക്കും വിധവകൾക്കും മദ്രസാ അദ്ധ്യാപകർക്കും പെൻഷൻ നൽകുന്നു. വഖഫ് ബോർഡിന് നൽകുന്ന ബഡ്ജറ്റ് വിഹിതം 20 ലക്ഷം രൂപയിൽനിന്നും 50 ലക്ഷം രൂപയായി ഉയർത്തുന്നു.

**വനം**

160. കേരളത്തിലെ വനങ്ങൾ ജൈവ വൈവിധ്യത്തിൽ ധന്യവും ജന്തു-സസ്യവർഗ്ഗങ്ങളാൽ സംമ്പുഷ്ടമാണ്. സ്വാഭാവിക വനങ്ങളുടെ ജൈവവൈവിധ്യവും പരിസ്ഥിതി-പരിസര സന്തുലനവും നിലനിർത്തുന്നതിനും വനമേഖലയും ഒപ്പം അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ഊന്നൽ നൽകുകയാണ് വനപരിപാലനത്തിന്റെ മുഖ്യലക്ഷ്യം.

161. സ്വാഭാവിക വനത്തിന്റേയും പ്ലാന്റേഷൻ വനത്തിന്റേയും പരിപാലനത്തിനും ജൈവ വൈവിധ്യ സംരക്ഷണത്തിനും കാച്ച്മെന്റ് സംരക്ഷണ പരിപാടിക്കും ഔഷധ സസ്യപരിപാലനത്തിനും കേരള ഫോറസ്ട്രി പ്രോജക്ടിനുമായി 80 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

162. വനമേഖലകളിലെ ഇക്കോ-ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സൊസൈറ്റി രൂപീകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നു.

**പോലീസ്**

163. സംസ്ഥാനത്തെ ക്രമസമാധാനനില പൊതുവെ ശാന്തമാണ്. പോലീസ് വെടിവയ്പ് മരണമോ, ലോക്കപ്പ് മരണമോ ഈ വർഷം ഉണ്ടായിട്ടില്ല. പോലീസ് സേനക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും മെച്ചപ്പെടുത്തുകയെന്നതാണ് വകുപ്പിന്റെ മുഖ്യപ്രവർത്തനമായി കാണുന്നത്.

164. പോലീസ് വകുപ്പ് മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരിക്കുന്നതിനും നടപ്പിലുള്ളതും പുതിയതുമായ ശ്രമങ്ങൾക്കായി പ്ലാനിലും നോൺ-പ്ലാനിലുമായി 446 കോടി രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**വിജിലൻസ്**

165. പൊതുരംഗത്തുനിന്ന് അഴിമതി തുടച്ചുനീക്കി ജനങ്ങൾക്ക് സംശുദ്ധമായ ഭരണം നൽകുക എന്നത് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത നയമാണ്. ഈ ലക്ഷ്യത്തോടെയാണ് വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുള്ളത്. അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്ന പൊതുപ്രവർത്തനകരും സർക്കാർ ഉദ്യോഗസ്ഥരും നടത്തുന്ന അഴിമതി കേസുകൾ കൈകാര്യം ചെയ്യുന്നതിന് അധികാരം നൽകുന്ന ഒരു നിയമ നിർമ്മാണമാണ് 1999-ലെ കേരള ലോകായുക്ത് നിയമം. ഗാസിയബാദിലെ സി.ബി.ഐ. അക്കാദമിയിൽ വിജിലൻസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് അടുത്തവർഷം പ്രത്യേകം ഊന്നൽ നൽകുന്നതാണ്. ഈ വകുപ്പിന് മൊത്തം 13.55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**പൊതുക്ഷേമം**

166. സമൂഹത്തിലെ ദുർബല വിഭാഗത്തിൽപെട്ടതും ഇതുവരെ സാമൂഹ്യസുരക്ഷാ പദ്ധതികളിലൊന്നും കൊണ്ടുവരപ്പെടാത്തതുമായ 50 വയസ്സിന് മേലെയുള്ള അവിവാഹിതരായ സ്ത്രീകൾക്ക് ഒരു പെൻഷൻ പദ്ധതി പ്രഖ്യാപിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. ഈ സ്ത്രീകൾക്ക് ഇന്ന് നിലവിലുള്ള വിധവാ പെൻഷൻ നിരക്കിൽ പെൻഷൻ അനുവദിക്കുന്നതാണ്. ഇതുമൂലം 10 കോടി രൂപ അധിക സാമ്പത്തികബാദ്ധ്യതയുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

154. For the activities of the Mahakavi Kumaran Asan National Institute at Thonnakkal, I am providing Rs. 25 lakhs as a special grant in my budget.

155. I also intend to provide Rs. 20 lakhs for the Thunchan Smarakom Committee to help upgrades its activities as a Trust.

156. I also intend to increase the non-plan grant to Kerala Kalamandalam by Rs. 10 lakhs. I am raising it from Rs. 45 lakhs in 1999-2000 to Rs. 55 lakhs next year. In addition, the plan grant to Kerala Kalamandalam has also been increased by Rs. 10 lakhs in my budget.

**Employment and Training**

157. KESRU (Kerala Self Employment Scheme for the Registered Unemployed) is a scheme for providing job opportunities for the unemployed. I intend to provide a sum of Rs. 1 cr. for this Scheme.

158. I am setting apart Rs. 30 lakhs for the phased computerization of the Employment Exchanges of the State.

**Wakf Board**

159. The Kerala Wakf Board gives pensions for various classes of religious teachers, pensions for widows, the destitute and the ill under its social welfare scheme. I intend to increase the allocation for this from Rs. 20 lakhs in this budget to Rs. 50 lakhs.

**Forests**

160. The forests of Kerala are luxuriant in flora and fauna and rich in bio-diversity. The main thrust of forest management in the state will be on conserving the biological diversity in the natural forests, on ecological and environmental stability and increasing forest cover and productivity.

161. An amount of Rs. 80 cr. has been set apart for forest department for the management of natural forests and forests plantations, bio-diversity conservation, catchment conservation programme, Kerala forestry project and medicinal plant conservation among others.

162. Government is considering the constitution of a society for promoting the activities of Eco-tourism in the eco-tourism destinations within forest areas.

**Police**

163. The general law and order situation in the State has been peaceful. There have been neither incidents of death due to police fitcing nor any lock-up death this year. The general thrust of activities in the Department has been in improving the infrastructure and amenities for the police force.

164. The allocation of Rs. 446 cr. Under Plan and Non Plan in this budget is for ongoing and new efforts to improve and modernise the Police Department.

**Vigilance Department**

LIBRARY ARCHIVES Kerala Legislative Assembly.